REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-09-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഇന്ത്യയും US ഉം അടുത്ത സുഹൃത്തുക്കളും, സ്വാഭാവിക പങ്കാളികളുമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **തീവ്ര വോട്ടർപട്ടിക പരിഷ്കരണം രാജ്യവ്യാപകമായി നടപ്പാക്കുന്നത് ചർച്ച ചെയ്യാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ച യോഗം ഡൽഹിയിൽ തുടങ്ങി.**
- **CPI സംസ്ഥാന സമ്മേളനം ആലപ്പുഴയിൽ ആരംഭിച്ചു.**
- **KPCC യുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി പൊലീസ് സ്റ്റേഷനുകൾക്ക് മുന്നിൽ പ്രതിഷേധ സദസ്സ്.**
- **സംസ്ഥാന അധ്യാപക പുരസ്കാരങ്ങൾ ഉച്ചകഴിഞ്ഞ് തിരുവനന്തപുരത്ത് മന്ത്രി V ശിവൻകുട്ടി സമ്മാനിക്കും.**
- **സ്വർണ വില പുതിയ റെക്കോർഡിലേക്ക്.**

## വാർത്തകൾ വിശദമായി

ഇന്ത്യയും US ഉം അടുത്ത സുഹൃത്തുക്കളും, സ്വാഭാവിക പങ്കാളികളുമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഇരുരാജ്യങ്ങൾക്കുമിടയിലെ വ്യാപാര ചർച്ചകൾ അപാര സാധ്യതകൾക്ക് വഴി തുറക്കുമെന്നും സാമൂഹിക മാധ്യമ പോസ്റ്റിൽ അദ്ദേഹം കുറിച്ചു.

ഇരു വിഭാഗവും ചർച്ചകൾ എത്രയും വേഗം പൂർത്തീകരിക്കാൻ ശ്രമം തുടരുകയാണ്. ഡൊണാൾഡ് ട്രംപുമായി അടുത്തുതന്നെ നേരിൽ സംസാരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷയെന്നും മോദി അറിയിച്ചു. ഒന്നിച്ചു പ്രവർത്തിക്കുന്നതിലൂടെ രണ്ട് രാജ്യങ്ങൾക്കും ജനതയ്ക്കും ശോഭനവും

സമൃദ്ധവുമായ ഭാവി ഉറപ്പാക്കാൻ അവസരമൊരുങ്ങുമെന്നും പ്രധാനമന്ത്രി വിശ്വാസം പ്രകടിപ്പിച്ചു.

✪✪✪

അമേരിക്കയിൽ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ആഗോള താരിഫ് നയത്തെക്കുറിച്ച് വാദങ്ങൾ കേൾക്കുന്നതിന് US സുപ്രീം കോടതി സമ്മതിച്ചു. കോടതി കേസ് പരിഗണിക്കുന്നതുവരെ താരിഫുകൾ നിലനിൽക്കും.

✪✪✪

തീവ്ര വോട്ടർപട്ടിക പരിഷ്കരണം രാജ്യവ്യാപകമായി നടപ്പാക്കുന്നത് ചർച്ച ചെയ്യാൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ച നിർണായക യോഗം ഡൽഹിയിൽ തുടങ്ങി. എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർമാർമാരാണ് യോഗത്തിൽ പങ്കെടുക്കുന്നത്.

മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ തിരഞ്ഞെടുപ്പ് തയ്യാറെടുപ്പുകൾ, വോട്ടർ പട്ടികയുടെ കൃത്യത, സുതാര്യത തുടങ്ങിയ വിഷയങ്ങളും ചർച്ച ചെയ്തേക്കും.

അടുത്തിടെ ബിഹാറിൽ നടപ്പാക്കിയ തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ മാതൃകയിൽ ഈ മാസം അവസാനമോ ഒക്ടോബർ ആദ്യമോ രാജ്യവ്യാപകമായി ഈ പ്രക്രിയ ആരംഭിക്കുമെന്നാണ് റിപ്പോർട്ടുകൾ.

✪✪✪

മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര റംഗൂലം ഇന്ന് ഉത്തർപ്രദേശിലെ വാരണാസിയിലെത്തും. എട്ടുദിവസത്തെ സന്ദർശനത്തിനിടെ അദ്ദേഹം രാഷ്ട്രപതി ദ്രൗപതി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവരുമായി കൂടിക്കാഴ്ച നടത്തും.

✪✪✪

CPI സംസ്ഥാന സമ്മേളനം രാവിലെ ആലപ്പുഴയിൽ തുടങ്ങി. വലിയ ചുടുകാട് രക്തസാക്ഷി മണ്ഡപത്തിൽ നിന്നും സമ്മേളന നഗരിയിലേക്ക് എത്തിയ ദീപശിഖ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം ഏറ്റുവാങ്ങി. തുടർന്ന് KR ചന്ദ്രമോഹനൻ നഗരിയിൽ പതാക ഉയർത്തിയതോടെയാണ് സമ്മേളനടപടികൾ ആരംഭിച്ചത്. ആലപ്പുഴ SK കൺവെൻഷൻ സെന്ററിലെ കാനം രാജേന്ദ്രർ നഗറിൽ പ്രതിനിധി സമ്മേളനം CPI ജനറൽ സെക്രട്ടറി D രാജ ഉദ്ഘാടനം ചെയ്തു. 39 ക്ഷണിതാക്കൾ ഉൾപ്പെടെ 520 പ്രതിനിധികളാണ് സമ്മേളനത്തിൽ സമ്മേളനത്തിൽ പങ്കെടുക്കുന്നത്

സമ്മേളനത്തിന്റെ ഭാഗമായി വൈകിട്ട് 'മതനിരപേക്ഷതയുടേയും ഫെഡറിലസത്തിന്റെയും ഭാവി' എന്ന വിഷയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സെമിനാർ ഉദ്ഘാടനം ചെയ്യും. നടൻ പ്രകാശ് രാജ് മുഖ്യപ്രഭാഷണം നടത്തും. 12ന് സമാപന ദിവസം റെഡ് വാളണ്ടിയർ മാർച്ചും പൊതുസമ്മേളനവും ഉണ്ടാവും.

✪✪✪

KPCC യുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി പൊലീസ് സ്റ്റേഷനുകൾക്ക് മുന്നിൽ പ്രതിഷേധ സദസ്സ് സംഘടിപ്പിച്ചു. പൊലീസ് മർദ്ദനമുണ്ടായ കുന്നംകുളം പൊലീസ് സ്റ്റേഷനുമുന്നിൽ KPCC പ്രസിഡന്റ് സണ്ണി ജോസഫ് സദസ്സ് ഉദ്ഘാടനം ചെയ്തു. കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുന്നതിന് പകരം അവരെ സസ്പെൻഡ് ചെയ്തും മറ്റ് സ്റ്റേഷനുകളിലേക്ക് പ്രൊമോഷൻ സഹിതം സ്ഥലം മാറ്റുകയും ചെയ്ത് ഗവൺമെന്റ് സംരക്ഷിക്കുകയാണെന്ന് സണ്ണിജോസഫ് ആരോപിച്ചു.

കോഴിക്കോട് സദസ്സിന്റെ ജില്ലാതല ഉദ്ഘാടനം MK രാഘവൻ എംപി. നിർവ്വഹിച്ചു.

കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷന് മുന്നിൽ DCC പ്രസിഡന്റ് മാർട്ടിൻ ജോർജ് സദസ്സ് ഉദ്ഘാടനം ചെയ്തു.

✪✪✪

സംസ്ഥാന അധ്യാപക പുരസ്കാരങ്ങൾ ഉച്ചകഴിഞ്ഞ് തിരുവനന്തപുരം ടാഗോർ തിയറ്ററിൽ മന്ത്രി V ശിവൻകുട്ടി സമ്മാനിക്കും. LP മുതൽ ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി തലങ്ങളിൽ വരെ 22 അധ്യാപകരാണ് അവാർഡിന് അർഹരായത്. ഇതിനുപുറമെ, എഴുത്തുകാരായ അധ്യാപകരിൽ പുരസ്കാരം നേടിയവരേയും ചടങ്ങിൽ ആദരിക്കും.

✪✪✪

മലപ്പുറം ജില്ലാ നിക്ഷേപക സംഗമം നാളെ വൈകിട്ട് മന്ത്രി P. രാജീവ് ഉദ്ഘാടനം ചെയ്യും. ജില്ലയിൽ ഒരു വർഷത്തിനകം 3,500 കോടി രൂപയുടെ നിക്ഷേപവും, 2,000 തൊഴിലവസരങ്ങളും ലക്ഷ്യമിടുന്ന നിക്ഷേപക സംഗമം ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ സഹായത്തോടെയാണ് സംഘടിപ്പിക്കുന്നത്. ജില്ലയിൽ വരാൻ പോകുന്ന സംരംഭങ്ങളെ ജനങ്ങളിലേയ്ക്ക് എത്തിക്കാനും, നിക്ഷേപ സാധ്യതകൾ അറിയിക്കാനുമാണ് സംഗമം നടത്തുന്നത്. മന്ത്രി V.അബ്ദുറഹ്മാനും മുതിർന്ന ഉദ്യോഗസ്ഥരും സംഗമത്തിൽ പങ്കെടുക്കും.

✪✪✪

തമിഴ്നാട്ടിലെ 12 ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. കോയമ്പത്തൂരിലെ മലയോര മേഖലയിലും നീലഗിരി, തിരുവള്ളൂർ, കാഞ്ചിപുരം, റാണിപേട്ട്, തിരുവണ്ണാമലൈ, കള്ളക്കുറിച്ചി, സേലം , ധർമ്മപുരി, ഈറോട്, തേനി, ഡിണ്ടിങ്കൽ ജില്ലകളിലാണ് മഴ മുന്നറിയിപ്പ് നൽകിയത്.

✪✪✪

സ്വർണ വില ഇന്നും പുതിയ റെക്കോർഡിലേക്ക്. ഗ്രാമിന് ഇരുപതു രൂപ വർധിച്ച് 10,130 രൂപയും,  പവന് 160 രൂപ കൂടി 81,040 രൂപയുമാണ് ഇന്നത്തെ വില.

അന്താരാഷ്ട്ര സ്വർണ വിലയിൽ അഞ്ചു ഡോളറിന്റെ കുറവു വന്നിട്ടുണ്ടെങ്കിലും ഡോളർ വിനിമയ നിരക്ക് 88 രൂപയിൽ നിന്ന് 88 രൂപ 15 പൈസയിലേക്ക് ഉയർന്നതിനാലാണ് വില ഉയർന്നത്.

✪✪✪

നാമജപ ഘോഷയാത്രയിൽ പങ്കെടുത്തവർക്കെതിരെ എടുത്ത കേസുകൾ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട പന്തളം കൊട്ടാരത്തിന്റെ ആവശ്യം അധികൃതരെ അറിയിക്കുമെന്ന്  തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് PS പ്രശാന്ത് മാധ്യമങ്ങളോട് പറഞ്ഞു. പമ്പയിൽ ഈ മാസം 20ന് സംഘടിപ്പിക്കുന്ന' ആഗോള അയ്യപ്പസംഗമത്തിലേക്ക് പന്തളം രാജകുടുംബാഗങ്ങളെ ക്ഷണിക്കാനെത്തിയതായിരുന്നു ദേവസ്വം ബോർഡ് പ്രസിഡന്റ്.

അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട് ഒരു ആശയക്കുഴപ്പവുമില്ലെന്നും, തിരുവിതാം കൂർ ദേവസ്വം ബോർഡും പന്തളം കൊട്ടാരവുമായി മുൻകാലങ്ങളിലും ഇപ്പോഴും നല്ല ബന്ധമാണെന്നും പ്രശാന്ത് അറിയിച്ചു.

✪✪✪

തിരുവനന്തപുരം മുതൽ ഇടുക്കി വരെ ഏഴ്  ജില്ലകളിലെ ഉദ്യോഗാർത്ഥികൾക്കായി ഇടുക്കി നെടുങ്കണ്ടത്ത് ആർമി റിക്രൂട്ട്മെന്റ് റാലിയ്ക്ക്  രാവിലെ തുടക്കമായി. ഈ മാസം 16 വരെ തുടരുന്ന  റിക്രൂട്ട്മെന്റ് റാലിയ്ക്ക് വിപുലമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നെടുങ്കണ്ടം പഞ്ചായത്ത് സിന്തറ്റിക് സ്റ്റേഡിയത്തിലാണ് റിക്രൂട്ട് മെന്റ് റാലി. 3,102 ഉദ്യോഗാർത്ഥികൾ പങ്കെടുക്കും.

✪✪✪

മൂന്നാമത് കോട്ടയത്ത് തമ്പുരാൻ കഥകളി മഹോത്സവം ഈ മാസം 13ന് കണ്ണൂർ മുഴക്കുന്ന് മൃദംഗശൈലേശ്വരി ക്ഷേത്രത്തിൽ ആരംഭിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ...

......വോയ്സ്.......

കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന് കീഴിലുള്ള തഞ്ചാവൂർ സൗണ്ട് കൾച്ചറൽ സെന്ററിന്റെ സഹകരണത്തോടെയാണ് കഥകളി മഹോത്സവം നടക്കുന്നത്.

കഥകളി അഭ്യാസ കളരിയിൽ വളരെയധികം പ്രാധാന്യമുള്ള കോട്ടയം കഥകൾ അരങ്ങിൽ വളരെ ചുരുക്കിയും അവതരിപ്പിച്ചു വരുന്ന ഘട്ടത്തിലാണ് കോട്ടയത്ത് തമ്പുരാൻ കഥകളി മഹോത്സവം നടക്കുന്നത്. ബകവധം, കിർമീരവധം, കല്യാണസൗഗന്ധികം കാലകേയവധം എന്നിവയാണ് അവതരിപ്പിക്കുക. സെപ്റ്റംബർ 20 വരെ രാവിലെ 10 മണി മുതൽ 12 മണി വരെ കഥകളി ശില്പശാലയും ഒരുക്കിയിട്ടുണ്ട്. 50 ഓളം കലാകാരന്മാർ കഥകളി മഹോത്സവത്തിൽ പങ്കെടുക്കും.

✪✪✪

ഈ ആഴ്ച കേരളത്തിലും ലക്ഷദ്വീപിലും ശരാശരിയിലും കൂടുതൽ മഴ ലഭിക്കാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ ചില പ്രദേശങ്ങളിൽ ശക്തമായ മഴ പ്രതീക്ഷിക്കുന്നതിനാൽ മഞ്ഞ ജാഗ്രത നൽകി.

✪✪✪

ആർക്കും യാതൊരു ഉപയോഗവുമില്ലാതെ പറമ്പുകളിൽ പൊഴിഞ്ഞ് വീണിരുന്ന പനങ്കുരു ഇപ്പോൾ VIPയാണ്. വലിയ വിലയാണ് പനങ്കുരുവിന് ഇപ്പോൾ ലഭിക്കുന്നത്.

വന്യമൃഗശല്യവും പ്രതികൂല കാലാവസ്ഥയും മൂലം തകർന്ന ഹൈറേഞ്ചിലെ കാർഷിക മേഖലയ്ക്ക് പനങ്കുരുവിനു മികച്ച വില ലഭിക്കുന്നത് ആശ്വാസമായി.

ഇടുക്കിയിൽ നിന്നും രതീഷ് കൃഷ്ണ..

.........വോയ്സ്..........

മുൻകാലങ്ങളിൽ പനങ്കുല ചെത്തി കള്ളെടുക്കുക മാത്രമായിരുന്നു പനയിൽ നിന്നുള്ള വരുമാനം. ചെത്ത് കുറഞ്ഞതോടെ പനങ്കുല വളർന്ന് ഇതിന്റെ കായ വീണു നശിക്കുകയായിരുന്നു. എന്നാൽ മൂന്നു വർഷം മുമ്പ് മുതൽ

പനങ്കുരുവിന് വില ലഭിക്കാൻ തുടങ്ങി. വാണിജ്യാടിസ്ഥാനത്തിൽ പനങ്കുരു സംഭരിക്കാൻ തുടങ്ങിയതോടെ നാട്ടിൽ ഇതു ശേഖരിക്കുന്നവരുടെ എണ്ണം കൂടുകയും ചെയ്തു. ഒരു കിലോ പനങ്കായയ്ക്ക് തൊണ്ടോടെ 12 രൂപ മുതൽ 14 രൂപ വരെ വില ലഭിക്കുന്നുണ്ട്. കുലയോടെ പനയിൽ നിന്ന് കയറിൽ കെട്ടി ഇറക്കിയാൽ 350 മുതൽ 400 കിലോവരെ തൂക്കമുണ്ടാവും. ഒരു പനയിൽ 20 കുലകൾ വരെയുണ്ടാകും. ഇതിന്റെ വള്ളിയുൾപ്പെടെയാണ് കച്ചവടക്കാർ തൂക്കിയെടുക്കുന്നത്. ഇടുക്കിയിൽ ചേലച്ചുവട് കേന്ദ്രമായാണ് ഇതു കൂടുതൽ വാങ്ങുന്നതും ഉണക്കി വാണി ജ്യാടിസ്ഥാനത്തിൽ വിൽപ്പന നടത്തുകയും ചെയ്യുന്നത്.

✪✪✪

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളെജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ഒരാളുടെ ഒഴികെ എല്ലാവരുടേയും ആരോഗ്യനില തൃപ്തികരമെന്ന് മെഡിക്കൽ റിപ്പോർട്ട്. രണ്ട് കുട്ടികൾ ഉൾപ്പടെ ഒമ്പത് പേരാണ് നിലവിൽ ചികിത്സയിൽ.

✪✪✪

കണ്ണൂർ വിമാനത്താവളത്തിന് 'പോയിന്റ് ഓഫ് കോൾ' പദവി അനുവദിക്കണമെന്നാവശ്യപ്പെട്ട് BJP ദേശീയ കൗൺസിലംഗം C. രഘുനാഥ് കേന്ദ്ര മന്ത്രി റാം മോഹൻ നായിഡുവിന് നിവേദനം നൽകി. സിംഗപ്പൂർ, മലേഷ്യ, ഇൻഡൊനീഷ്യ, തായ്‌ലാൻഡ് എന്നീ രാജ്യങ്ങളിലേക്ക് ചെന്നൈ, ഹൈദരാബാദ് തുടങ്ങിയ നഗരങ്ങൾവഴി സർവീസ് നടത്താൻ സൗകര്യമൊരുക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

✪✪✪

ഇന്നലെ അന്തരിച്ച മുൻ PRD ഡയറക്ടർ M. നന്ദകുമാറിന്റെ സംസ്കാരം വൈകിട്ട് തിരുവനന്തപുരം ശാന്തി കവാടത്തിൽ നടത്തും. ഇന്നലെ വൈകിട്ട് ഏഴരയോടെയായിരുന്നു 69 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. ഭൗതിക ശരീരം ഇപ്പോൾ പൊതുദർശനത്തിന് വെച്ചിരിക്കുകയാണ്. പ്രഭാഷകൻ, എഴുത്തുകാരൻ, ജ്യോതിഷി എന്നീ നിലകളിൽ പ്രാഗൽഭ്യം തെളിയിച്ച അദ്ദേഹം 1993 ലാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്.

✪✪✪

ആർട്ടിസ്റ്റ് നമ്പൂതിരി ജന്മശതാബ്ദി ‘എത്രയും ചിത്രം ചിത്രം’ ഈ മാസം 13 ന് എടപ്പാളിലെ നടുവട്ടം കരുവാട്ടുമനയിൽ ആരംഭിക്കും. ആർട്ടിസ്റ്റ് നമ്പൂതിരി സമ്മാൻ ട്രസ്റ്റും, സംസ്ഥാന ലളിതകലാ അക്കാദമിയും ചേർന്നാണ് പരിപാടി

സംഘടിപ്പിക്കുന്നത്. ഈ മാസം 15 ന് നമ്പൂതിരി ചിത്രങ്ങൾ മന്ത്രി സജി ചെറിയാൻ ഏറ്റുവാങ്ങും.

✪✪✪

നിലമ്പൂരിൽ എറണാകുളം നിലമ്പൂർ മെമുവിൽ രാത്രിയെത്തുന്ന യാത്രക്കാർക്കായി പുതിയ KSRTC സർവീസ് ആരംഭിച്ചു. ആര്യാടൻ ഷൗക്കത്ത് MLA ഇന്നലെ റെയിൽവെ സ്റ്റേഷൻ പരിസരത്ത് സർവീസ് ഫ്ളാഗ് ഓഫ് ചെയ്തു. രാത്രി 10.15നാണ് നിലമ്പൂരിൽ നിന്ന് സർവീസ് ആരംഭിക്കുന്നത്. ചുങ്കത്തറ, എടക്കര വഴിക്കടവ് വഴി മരുതയിലേക്കാണ് സർവീസ്. രാവിലെ 5.30ന് മരുതയിൽ നിന്ന് നിലമ്പൂർ, അരീക്കോട്, എളമരം, മെഡിക്കൽ കോളേജ് വഴി കോഴിക്കോട്ടേക്ക് സർവീസ് നടത്തും.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader : സയ്യിദ് അലി ശിഹാബ്*
*NRTs : അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*